**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **706** **08.03.2012 ൽ** മറുപടിക്ക്

**പൊന്നാനിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | **ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി)** |
| എ) പൊന്നാനിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്തതുമൂലം മലിനജലം കുടിച്ച് പകർച്ചവ്യാധികൾ പിടിപെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) പൊന്നാനിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്തതു കാരണം മലിനജലം കുടിച്ച് പകർച്ച വ്യാധികൾ വർദ്ധിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ബി) ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; | ബി) പകർച്ചവ്യാധികൾ തടയുന്നതിനായി മുൻകരുതലുകൾ എടുത്തിട്ടുണ്ട്. ബോധവൽകരണ പ്രവർത്തനത്തിനും ശുചീകരണ പ്രവർത്തനത്തിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിവെള്ളം ക്ളോറിനേഷൻ ചെയ്യുന്നതിനും തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുന്നതിനും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| സി) വാട്ടർ അതോറിറ്റിയുമായി ചേർന്ന് വാട്ടർ പ്യൂരിഫിക്കേഷൻ പ്ലാന്റ് സ്ഥാപിച്ച് പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുമോ ? | സി) പകർച്ചവ്യാധികൾ തടയുന്ന പ്രവർത്തനത്തിന്റെ ഭാഗമായി രൂപീകരിച്ച ജില്ലാതല കോർഡിനേഷൻ കമ്മിറ്റിയിൽ എല്ലാ വകുപ്പ് മേധാവികൾക്കും ബന്ധപ്പെട്ട വിഷയങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.